# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.100 | 03.12.2015-ൽ മറുപടിക്ക് |

## ഓൺലൈനിൽ ആധാരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ. പി.സി വിഷ്ണുനാഥ്**<br>**ശ്രീ.ആർ . സെൽവരാജ്**<br>**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ** | **ശ്രീ.അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ആധാരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | എ) ആധാരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ആധാര വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന വ്യാപകമായി നടന്നു വരികയാണ്. ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കാനുമുള്ള സൗകര്യം തിരുവനന്തപുരം, കൊല്ലം ജില്ലകളിലുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റു ജില്ലകളിലേയ്ക്ക്കൂടി മേൽ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) സംസ്ഥാനത്തെ 314 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡേറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുക വഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട്, സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ്പ് |

കാഴ്ചവയ്ക്കുവാൻ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തനരീതിക്ക് പകരം, 314 സബ് രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖലവഴി തിരുവനന്തപുരത്തുള്ള ഡേറ്റാ സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന രീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ അവിഭാജ്യ ഘടകമായ കണക്റ്റിവിറ്റി സൗകര്യം ബി.എസ്.എൻ.എൽ-ൽ നിന്ന് ലഭ്യമാക്കി, Kerala State Wide Area ശൃംഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ, സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ അപ്പപ്പോൾതന്നെ തിരുവനന്തപുരത്തുള്ള കേന്ദ്ര കമ്പ്യൂട്ടറിൽ (സർവർ) ലഭ്യമാകും. അതുവഴി, സർക്കാരിന് രജിസ്ട്രേഷൻ സംബന്ധിച്ച സംസ്ഥാനതല വിവരങ്ങൾ ഉടനടി ലഭ്യമാകുന്നു. ബാങ്കുകൾക്കും മറ്റ് ധനകാര്യസ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുള്ള സൗകര്യം ഇതുമൂലം ലഭിക്കും.

സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സി)

1. പദ്ധതിയുടെ നടത്തിപ്പിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.
2. കംപ്യൂട്ടറുക ളിൽ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
3. വകുപ്പിലെ ജീവനക്കാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി പരിശീലനം നല്കി വരുന്നു.
4. ആദ്യ ഘട്ടത്തിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ തുടങ്ങിയവ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യ

ത്തിന് അനുസരിച്ച് തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തേ എടുക്കാനുമുള്ള സൗകര്യവും തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പി ലാക്കിയിട്ടുണ്ട്.

5. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷനുകൾക്ക് ഹാജരാക്കുന്ന ആധാരങ്ങളുടെ ഘടനയ്ക്ക് ഏകീകൃത രൂപവും നിലവാരവും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
6. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നല്കുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
7. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാര പകർപ്പുകൾ സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.
8. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ